# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 738** — **17.7.2012-ന് മറുപടിക്ക്**

### യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>,, പി.കെ. ബഷീർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, സി. മോയിൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി) യുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയതിൽ നിന്ന് എത്തിച്ചേർന്ന പ്രധാനകണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) കേരളത്തിലെ 22 മുനിസിപ്പാലിറ്റികളുടെ പശ്ചാത്തല വികസന പദ്ധതിയ്ക്കായി UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് 427.27 കോടി രൂപയുടെ ധന സഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 13 ജലവിതരണ പദ്ധതികളും, 11 മാലിന്യ നിർമ്മാർജ്ജന പദ്ധതികളും ഒരു അഴുക്കു ചാൽ നിർമ്മാർജ്ജന പദ്ധതിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്.<br><br>അനുവദിച്ച 13 ജലവിതരണ പദ്ധതിയും, നല്ല പുരോഗതിയിലാണ്. മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ 4 എണ്ണം പുരോഗതിയിലാണ്. അഴുക്കുചാൽ പദ്ധതി, ആവശ്യമായ സ്ഥലത്തിന്റെ ദൗർലഭ്യം മൂലം നടപ്പാക്കാൻ സാധിക്കുന്നില്ല.<br>മേൽ വിവരിച്ച പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയതിൽ, പദ്ധതിയുടെ പുരോഗതിയ്ക്ക് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.<br>• മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സ്ഥലമെടുപ്പ് നടക്കാത്തത്.<br>• സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കോടതി കേസ്സുകൾ.<br>• മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജനങ്ങളുടെ എതിർപ്പ്. |

- മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ച സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്ന ചവറുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കാലതാമസം, ഇതുമായി ബന്ധപ്പെട്ട ജനങ്ങളുടെ എതിർപ്പ്.

ജലവിതരണ പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ പ്രധാനമായും PWD, NH മുതലായ റോഡുകൾ വെട്ടി മുറിക്കുന്നതിന് വേണ്ട അനുമതിയുടെ താമസം, റെയിൽവേ ക്രോസ്സിംഗുമായി ബന്ധപ്പെട്ട അനുമതി കിട്ടാനുള്ള താമസം, പൈപ്പുകൾ വാങ്ങാനുള്ള കാലതാമസം, കോടതി സംബന്ധമായ കേസുകൾ. ജനങ്ങളുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ പറ്റാത്ത അവസ്ഥ തുടങ്ങിയവയാണ്.

ബി) ഈ പദ്ധതി മുഖേന സംസ്ഥാനത്തെ മുൻസിപ്പാലിറ്റികൾ പശ്ചാത്തല സൗകര്യ വികസനകാര്യത്തിൽ ആർജ്ജിച്ച നേട്ടം വെളിപ്പെടുത്തുമോ;

ബി) UIDSSMT പദ്ധതിയിലുള്ള ജലവിതരണ പദ്ധതികൾ 13 എണ്ണവും നല്ല പുരോഗതിയിലാണ്. ഇതിൽ വടകര ജലവിതരണ പദ്ധതി, ഭാഗീകമായി കമ്മീഷൻ ചെയ്തു ജലവിതരണം നടത്തിവരുന്നു. ബാക്കി പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ തന്നെ 13 ജലവിതരണ പദ്ധതികളും പൂർത്തിയാക്കി, ജലവിതരണം കാര്യക്ഷമമാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ, ആറ്റിങ്ങൽ, ഏകദേശം പൂർത്തിയായി വരുന്നു. പുനലൂർ, ചങ്ങനാശ്ശേരി, വടക്കൻ പറവൂർ മുനിസിപ്പാലിറ്റികളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നല്ല പുരോഗതിയിലാണ്. ആലുവ, ചാലക്കുടി പദ്ധതി, സ്ഥലമെടുപ്പ് നടക്കാത്തതുമൂലം പദ്ധതി കാലയളവിനുള്ളിൽ പണി ആരംഭിക്കാൻ സാധിക്കാതെ വന്നതിനാൽ അതിന് പകരമായി 2008-09 വർഷത്തിൽ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി , അംഗീകരിച്ച ഒമ്പത് പദ്ധതികൾക്കായി (കാഞ്ഞങ്ങാട്, കണ്ണൂർ, തിരൂർ, മലപ്പുറം,കുന്നംകുളം, ഗുരുവായൂർ, ഇരിഞ്ഞാലക്കുട, കായംകുളം,നോർത്ത് പറവൂർ) വകമാറ്റി നൽകാൻ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മറ്റു പദ്ധതി

കൾക്കു പ്രധാനമായിട്ടുള്ള തടസ്സങ്ങളായ സ്ഥലമെടുപ്പ്, ജനങ്ങളുടെ എതിർപ്പ്, കോടതി കേസുകൾ മുതലായവ പരിഹരിച്ച് , അടുത്ത സാമ്പത്തികവർഷത്തിൽ തന്നെ എല്ലാ പദ്ധതികളും കമ്മീഷൻ ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| സി) നടപ്പു സാമ്പത്തികവർഷം ലക്ഷ്യമിട്ടിട്ടുള്ള പ്രധാനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി ഏർപ്പെടുത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | സി) പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ള തടസ്സങ്ങളായ, സ്ഥലമെടുപ്പ്, ജനങ്ങളുടെ എതിർപ്പ്, PWD, NH , Railway മുതലായസ്ഥാപനങ്ങളിൽ നിന്നു കിട്ടേണ്ട അനുമതികൾ,, മുതലായവയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെ ടെൻഡർ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് അനുമതി കൊടുക്കാനുള്ള നടപടികൾ വേഗതയിലാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പണികൾക്ക് ഉടനടി എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പണികൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. 2013–2014 സാമ്പത്തിക വർഷത്തിനകം തന്നെ അനുവദിച്ച 25 പദ്ധതികളിൽ, 23 എണ്ണവും പൂർത്തിയാക്കി കമ്മിഷൻ ചെയ്യാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ